18/01/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/01/2025

1. ക്ഷീരകർഷകർക്ക് വീട്ടുമുറ്റത്ത് സേവനം ലഭ്യമാക്കാൻ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ വെറ്ററിനറി ആംബുലൻസ് ഒരാഴ്ചയ്ക്കകം ലഭ്യമാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. ജില്ലാ ക്ഷീരകർഷക സംഗമം കണ്ണൂർ ജില്ലയിലെ ഉദയഗിരി സെയ്ൻ്റ് മേരിസ് പാരിഷ്ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇതിനായി 58 ആംബുലൻസുകൾ തയ്യാറായിട്ടുണ്ട്. 12 വാഹനങ്ങൾ കണ്ണൂർ ജില്ലയ്ക്ക് ലഭിക്കും. 1962 എന്ന നമ്പറിൽ വിളിച്ചാൽ കർഷകരുടെ വീട്ടിൽ ഡോക്ടർ ഉൾപ്പെടെയുള്ള സേവനങ്ങൾ എത്തുന്ന രീതിയിലാണ് പദ്ധതി ഒരുക്കുന്നത്. കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർക്ക് പശുവിനെ ലഭിക്കാൻ പലിശരഹിത ലോൺ ലഭിക്കുമെന്നും മന്ത്രി അറിയിച്ചു.

2. എറണാകുളം ജില്ലയിലെ പറവൂർ നഗരസഭ നടപ്പിലാക്കുന്ന 'നഗരസഭയും കൃഷിക്കൊപ്പം' പദ്ധതി പ്രകാരം നഗരസഭ പ്രദേശത്ത് തരിശായിക്കിടക്കുന്ന ഭൂമിയിൽ ബഡ് ചെയ്ത പ്ലാവ്, മാവ്, കുറ്റിക്കുരുമുളക്, ചെടിമുരിങ്ങ, റെഡ് ലേഡി പപ്പായ തുടങ്ങിയവ കൃഷിചെയ്യുന്നതിന് കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും നഗരസഭാ പ്രദേശത്ത് കൈവശത്തിലുള്ള കൃഷിചെയ്യാൻ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് വാർഡ് കൗൺസിലർമാരുമായി ബന്ധപ്പെടുക.

3. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫാമിൽ ജലസേചനത്തിനായി 7.5 H.P മോട്ടോർ പമ്പും, അനുബന്ധസാധനങ്ങളുടെയും വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട് ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം, എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതും ക്വട്ടേൻ കവറിനു പുറത്ത് 7.5 HP

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മോട്ടോർ പമ്പ് സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ് ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 20/01/2025 തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ആഫീസിൽ നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വച്ച് ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപ്പണികൾ, സർവീസ്, എന്നിവയിൽ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന സൗജന്യ ട്രെയിനിങ് സംഘടിപ്പിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജനുവരി 31 നകം ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ നമ്പർ 9446370726.

5. കേരള കാർഷിക സർവകലാശാല ഫലവർഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വെച്ച് 'ഡ്രാഗൺ ഫ്രൂട്ടിന്റെ വിള പരിപാലനം' എന്ന വിഷയത്തിൽ 22.01.2025 ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9605612478എന്ന നമ്പറിൽ വിളിച്ച് 20.01.2025 തീയതിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന ഫീസ് ആയ 1000/രൂപ ക്യു ആർ കോഡ് വഴി മാത്രം അടക്കേണ്ടതുമാണ്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ അടച്ച തുക തിരികെ നൽകുന്നതല്ല.

6. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി 20 മുതൽ 24 വരെ 5 ദിവസങ്ങളിലായി "ശാസ്ത്രീയ പശു പരിപാലനം" പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2025 ഇന്ന് (ജനുവരി 18-ന്) വൈകുന്നരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പ്, ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ്, പരിശീലന ത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

**7. കാർഷിക നിർദ്ദേശം**

തെങ്ങിന് നന തുടരണം. തെങ്ങിന്റെ തടത്തിൽ ചപ്പുചവറുകളിട്ട് നന്നായി പുതയിടാൻ ശ്രദ്ധിക്കണം. തടത്തിൽ തൊണ്ട് അടുക്കുന്നതും തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ചകിരിച്ചോറ് തടത്തിൽ നിരത്തുന്നതും ജലസംഭരണ ശേഷി വർദ്ധിപ്പിക്കും. വിത്തു തേങ്ങ ശേഖരണം തുടരാവുന്നതാണ്. ചെമ്പൻ ചെല്ലിയുടെ ഉപദ്രവം ഇപ്പോൾ ഉണ്ടാകാം. തടിയിൽ സുഷിരങ്ങളും അതിലൂടെ ചണ്ടി പുറത്തു വരുന്നതുമാണ് ലക്ഷണം. ഇതിന്റെ നിയന്ത്രണത്തിനായി മണലും, വേപ്പിൻ പിണ്ണാക്കും തുല്യഅളവിൽ ചേർത്ത് ഇലക്കവിളുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയശേഷം ഇമിഡാക്ലോപ്രിഡ് 1 മി. ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലക്കവിളുകളിലൂടെ ഒഴിച്ചുകൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം